ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ നിലവിലുള്ള അംഗങ്ങൾ

77 [4813] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ എത്ര അംഗങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരിൽ സ്ത്രീകളുടേയും പുരുഷൻമാരുടേയും എണ്ണം എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിലെ ക്ഷീരോല്പാദക സംഘങ്ങൾവഴി പ്രതിദിനം ശേഖരിക്കുന്ന പാലിന്റെ അളവ് എത്രയാണ്;

(ഡി) ഇവരിൽ അംഗങ്ങളായവരും അംഗങ്ങളല്ലാത്തവരും നൽകുന്ന പാലിന്റെ അളവ് പ്രത്യേകിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) 121,968 അംഗങ്ങൾ ഉണ്ട്.

(ബി) സ്ത്രീകൾ .. 21,914
പുരുഷൻമാർ .. 100,054

(സി) 139498 ലിറ്റർ.

(ഡി) അംഗങ്ങൾ നൽകുന്ന പാൽ .. 122758 ലിറ്റർ
അംഗങ്ങളല്ലാത്തവർ നൽകുന്ന പാൽ .. 16740 ലിറ്റർ

കാർഷിക സർവ്വകലാശാലയ്ക്ക് ധനകാര്യ വകുപ്പ്
ഇപ്പോൾ നൽകുന്ന പ്രതിമാസ ഗ്രാന്റ്

78 [4814] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, വി. ബാലറാം:
,, എൻ. ശക്തൻ:
,, എ. കെ. മണി:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയ്ക്ക് ധനകാര്യ വകുപ്പ് ഇപ്പോൾ നൽകുന്ന പ്രതിമാസ ഗ്രാന്റ് എത്രയാണ്; ഈ ഗ്രാന്റ് എന്തിനു വേണ്ടിയാണ് ഉപയോഗിക്കുന്നത്;

(ബി) കാർഷിക സർവ്വകലാശാലയിൽ യു.ജി.സി. സ്കെയിൽ ഏർപ്പെടുത്തിയതിനെത്തുടർന്നുണ്ടായ സാമ്പത്തിക ക്രമക്കേടുകളെപ്പറ്റി അന്വേഷണം നടത്തിയ ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നിർദ്ദേശിച്ച നടപടികളെടുക്കാത്തതിന്റെ ഫലമായി ആ സർവ്വകലാശാലയ്ക്ക് നൽകേണ്ടിയിരുന്ന പ്രതിമാസ ഗ്രാന്റ് എത്ര പ്രാവശ്യം തടഞ്ഞുവെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ പ്രാവശ്യവും ഗ്രാന്റ് തടയുമ്പോൾ പ്രസ്തുത സർവ്വകലാശാല എന്തെങ്കിലും ഉറപ്പു നൽകിയിരുന്നുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഏറ്റവും ഒടുവിൽ പ്രസ്തുത സർവ്വകലാശാലയുടെ ഭാഗത്തുനിന്നും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നാണ് സമ്മതിച്ചിരുന്നത്; ആ ഉറപ്പ് സർവ്വകലാശാല പാലിച്ചുവോ; എങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ;

(ഇ) പ്രസ്തുത ശുപാർശ നടപ്പാക്കിക്കൊള്ളാമെന്ന് ഏതെങ്കിലും ഘട്ടത്തിൽ സർവ്വ കലാശാല സമ്മതിച്ചിട്ടുണ്ടോ;

(എഫ്) ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ കണ്ടെത്തൽ തെറ്റാണെന്നും അതിന് ന്യായീകരണമില്ലെന്നും സർവ്വകലാശാല റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ജി) എങ്കിൽ അതിന്റെ ആധികാരിക സ്വഭാവത്തെപ്പറ്റി വിജിലൻസ് അന്വേഷണം നടത്തുമോ?

ഉത്തരം

(എ) പദ്ധതിയേതരയിനത്തിൽ 2003-2004 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള 44 കോടി രൂപ പ്രതിമാസ ഗഡുക്കളായി സർവ്വകലാശാലയ്ക്ക് നൽകുന്നു. ഈ ഗ്രാന്റ് അദ്ധ്യാപകരുടേയും, മറ്റു ജീവനക്കാരുടേയും, തൊഴിലാളി കളുടേയും ശമ്പളം, മറ്റ് കണ്ടിൻജന്റ് ചെലവുകൾ, സർവ്വീസിൽനിന്ന് പിരിഞ്ഞു പോകുന്ന വരുടെ പെൻഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ എന്നിവ നൽകുന്നതിനായി ഉപയോഗിക്കുന്നു.

(ബി, സി) പ്രതിമാസ ഗ്രാന്റ് തടഞ്ഞിട്ടില്ല.

(ഡി—ജി) ധനകാര്യ (ഇൻസ്പെക്ഷൻ വിംഗ്) വകുപ്പിന്റെ റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടിയുടെ റിപ്പോർട്ട് സർവ്വകലാശാലയിൽനിന്നും ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു.

അന്യ സംസ്ഥാനത്തുനിന്നും നാൽക്കാലികളെ കൊണ്ടുവരുമ്പോൾ പാലിക്കേണ്ട നിയമങ്ങൾ

79 [4817] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനത്തുനിന്നും ഇറച്ചിക്കും മറ്റുമായി നാൽക്കാലികളെ കൊണ്ടു വരുമ്പോൾ പാലിക്കേണ്ട നിയമങ്ങൾ എന്തൊക്കെയാണ്; പ്രസ്തുത നിയമങ്ങൾ പാലിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ ദിവസം ഇറച്ചി വിൽപ്പനയ്ക്കായി അന്യ സംസ്ഥാനത്തുനിന്നും ഒട്ടകത്തെ കൊണ്ടുവന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വ്യക്തിക്കെതിരെ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly